**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 249** **25-10-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകളുടെ പുനരുദ്ധാരണം ത്വരിതപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡ് പ്രവൃത്തികളിൽ ചിലത് ആരംഭിക്കുന്നതിന് ദീർഘമായ കാലതാമസം ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ.; | (എ) | കിഫ്ബി പദ്ധതിയായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള റോഡ് പദ്ധതികൾ കിഫ്ബി മാനദണ്ഡപ്രകാരം നടപ്പിലാക്കുമ്പോൾ സ്ഥലമേറ്റെടുക്കുന്നതിനും യൂട്ടിലിറ്റി ഷിഫ്റ്റിംഗിനും സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ് ലഭ്യമാകുന്നതിനും ചില പദ്ധതികൾക്ക് സമയക്കൂടുതൽ വേണ്ടി വരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. അതിൽ മുഖ്യമായും ഭൂമി ഏറ്റെടുക്കൽ നടപടികൾക്കാണ് സമയം ഏറെ ചെലവാകുന്നത്. ഇതു പരിഹരിച്ച് കിഫ്ബി പദ്ധതികളുടെ സ്ഥലമേറ്റെടുപ്പ് വേഗത്തിലാക്കുന്നതിനായി, 15 ലാൻഡ് അക്വിസിഷനൻ യൂണിറ്റുകളെ കിഫ്ബി പദ്ധതികളുടെ സ്ഥലമേറ്റെടുപ്പിന്, വേണ്ടി മാത്രമായി നിയോഗിച്ചിട്ടുണ്ട്. ടി യൂണിറ്റുകൾ കിഫ്ബി പദ്ധതികളുടെ ഭൂമിയേറ്റെടുപ്പ് പരമാവധി വേഗത്തിലാക്കാൻ വേണ്ട സഹായ സഹകരണം എസ്.പി.വി കൾക്ക് നൽകി വരുന്നു. യൂട്ടിലിറ്റി ഷിഫ്റ്റിംഗ് എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിന് കിഫ്ബിയിൽ കാലതാമസം ഒഴിവാക്കുന്നതിനായി ധനാനുമതി തുകയുടെ പത്ത് ശതമാനത്തിനുള്ളിൽ (5% KWAയൂട്ടിലിറ്റി ഷിഫ്റ്റിംഗ് + 5% KSEBL യൂട്ടിലിറ്റി ഷിഫ്റ്റിംഗ്) വരുന്ന എസ്റ്റിമേറ്റുകൾ KIIFB യിൽ പരിശോധനക്ക് വിധേയമാക്കാതെ SPV യിൽ നിന്നും അംഗീകാരം നൽകാവുന്നതാണെന്ന് തീരുമാനി ച്ചിട്ടുണ്ട്. പൊതുവിൽ കിഫ്ബി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്ന തിനായി ബന്ധപ്പെട്ട വകുപ്പുകളുമായും എസ്.പി.വി കളുമായും ജനപ്രതിനിധി കളുമായും പദ്ധതി അവലോകന യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ കിഫ്ബി നടത്തി വരുന്നു. ഇതിനു പുറമേ പദ്ധതി പ്രദേശത്തെ പ്രശ്നങ്ങൾ മൂലം കാലതാമസം നേരിടുന്ന പദ്ധതികൾ വേഗത്തിലാക്കുന്നതിനായി ഫീൽഡ് ഇൻസ്പെക്ഷൻ |

| | | | |
|---|---|---|---|
| | | | നടത്തുകയും സാധ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് റോഡ് നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ.; | (ബി) | കിഫ്ബി പദ്ധതിയായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള റോഡ് പദ്ധതികൾ കിഫ്ബി മാനദണ്ഡപ്രകാരം നടപ്പിലാക്കുമ്പോൾ സ്ഥലമേറ്റെ ടുക്കുന്നതിനും യൂട്ടിലിറ്റി ഷിഫ്റ്റിംഗിനും സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ് ലഭ്യമാകുന്നതിനും ചില പദ്ധതികൾക്ക് സമയക്കൂടുതൽ വേണ്ടി വരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. അതിൽ മുഖ്യമായും ഭൂമി ഏറ്റെടുക്കൽ നടപടികൾക്കാണ് സമയം ഏറെ ചെലവാകുന്നത്. ഇത് പരിഹരിച്ച് കിഫ്ബി പദ്ധതികളുടെ സ്ഥലമേറ്റെടുപ്പ് വേഗത്തിലാക്കുന്നതിനായി, 15 ലാൻഡ് അക്വിസിഷനൻ യൂണിറ്റുകളെ കിഫ്ബി പദ്ധതികളുടെ സ്ഥലമേറ്റെടുപ്പിന്, വേണ്ടി മാത്രമായി നിയോഗിച്ചിട്ടുണ്ട്. ടി യൂണിറ്റുകൾ കിഫ്ബി പദ്ധതികളുടെ ഭൂമിയേറ്റെടുപ്പ് പരമാവധി വേഗത്തിലാക്കാൻ വേണ്ട സഹായ സഹകരണം എസ്.പി.വി കൾക്ക് നൽകി വരുന്നു. യൂട്ടിലിറ്റി ഷിഫ്റ്റിംഗ് എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിന് കിഫ്ബിയിൽ കാലതാമസം ഒഴിവാക്കുന്നതിനായി ധനാനുമതി തുകയുടെ പത്ത് ശതമാനത്തിനുള്ളിൽ (5% KWAയൂട്ടിലിറ്റി ഷിഫ്റ്റിംഗ് + 5% KSEBL യൂട്ടിലിറ്റി ഷിഫ്റ്റിംഗ്) വരുന്ന എസ്റ്റിമേറ്റുകൾ KIIFB യിൽ പരിശോധനക്ക് വിധേയമാക്കാതെ SPV യിൽ നിന്നും അംഗീകാരം നൽകാവുന്നതാണെന്ന് തീരുമാനി ച്ചിട്ടുണ്ട്. പൊതുവിൽ കിഫ്ബി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്ന തിനായി ബന്ധപ്പെട്ട വകുപ്പുകളുമായും എസ്.പി.വി കളുമായും ജനപ്രതിനിധി കളുമായും പദ്ധതി അവലോകന യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ കിഫ്ബി നടത്തി വരുന്നു. ഇതിനു പുറമേ പദ്ധതി പ്രദേശത്തെ പ്രശ്നങ്ങൾ മൂലം കാലതാമസം നേരിടുന്ന പദ്ധതികൾ വേഗത്തിലാക്കുന്നതിനായി ഫീൽഡ് ഇൻസ്പെക്ഷൻ നടത്തുകയും സാധ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. |
| (സി) | പുനരുദ്ധാരണ പ്രവൃത്തികളിൽ കാലതാമസം ഉണ്ടാകുന്നതിനാൽ പ്രസ്തുത റോഡുകൾ സഞ്ചാരയോഗ്യമല്ലാത്ത നിലയിൽ തകർച്ചയിലാകുന്നത് നിമിത്തം പൊതുജനങ്ങൾ അനുഭവിക്കുന്ന കഠിനമായ യാത്രാ ദുരിതം പരിഗണിച്ച് ഇക്കാര്യത്തിൽ എത്രയും വേഗത്തിലുള്ള പരിഹാര നടപടികൾ സ്വീകരിക്കുമോ? | (സി) | കിഫ്ബി മുഖേന നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതും പ്രവൃത്തികൾക്ക് കാലതാമസമുണ്ടാകുന്നത് മൂലം സഞ്ചാര യോഗ്യമല്ലാതായിതീർന്നിട്ടുള്ളതുമായ റോഡുകളുടെ അടിയന്തിര അറ്റകുറ്റ പണികൾ കിഫ്ബിയുടെ സാമ്പത്തികാനു മതിയോടെ കെ.ആർ.എഫ്.ബി മുഖേന നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ